# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4831 26.06.2019 -ലെ മറുപടിയ്ക്ക്

## ഏകീകൃത അക്കാദമിക് കലണ്ടർ

*ചോദ്യം*
**ശ്രീ.ഡി.കെ. മുരളി**

*ഉത്തരം*
**ഡോ.കെ.ടി.ജലീൽ**
**(ഉന്നതവിദ്യാഭ്യാസവുംന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ പ്രവേശനം മുതൽ പരീക്ഷവരെയുള്ള പ്രവർത്തനം സംബന്ധിച്ച അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കാറുണ്ടോയെന്നും ഇതിന് ഏകീകൃത സ്വഭാവമുണ്ടോയെന്നും വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാകലണ്ടറും തയ്യാറാക്കുന്നതിന് സർവ്വകലാശാലകളിലെ പ്രോ വൈസ് ചാൻസലർമാരെ അംഗങ്ങളാക്കി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പി.വി.സി.മാരുടെ കമ്മിറ്റി മീറ്റിംഗുകൾ അക്കാദമിക് കലണ്ടറും പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും സംബന്ധിച്ചെടുക്കുന്ന തീരുമാനങ്ങൾ സർവ്വകലാശാലകൾ നടപ്പിലാക്കുന്നുണ്ട്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ഇടപെടലുകൾക്കും അനുസൃതമായി സർവ്വകലാശാലകൾ യഥാസമയം പരീക്ഷാ ഫലപ്രഖ്യാപനവും പ്രവേശനവും നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. |
| (ബി) | പ്രവേശനം, പരീക്ഷ എന്നിവ നടത്തുന്നതിന് വിവിധ സർവ്വകലാശാലകൾ തമ്മിൽ ഏകീകൃത സ്വഭാവമില്ലാത്തതു കാരണം വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും ഉപരിപഠനത്തിനും ജോലി ലഭ്യതയ്ക്കും തടസങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ